# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1014** **28.04.2017 ൽ മറുപടിയ്ക്ക്**

**മൂന്നാറിലെ ദൗത്യസംഘത്തെ പിരിച്ചുവിടാനുണ്ടായ കാരണം**

**ചോദ്യം**

**ശ്രീ.എൻ. ഷംസുദ്ദീൻ**

**മറുപടി**

**ശ്രീ.ഇ. ചന്ദ്രശേഖരൻ**

**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | 2006 ൽ അധികാരത്തിൽ വന്ന വി.എസ്.അച്യുതാനന്ദൻ സർക്കാർ മൂന്നാറിലെ കയ്യേറ്റ ഭൂമി തിരിച്ചുപിടിക്കുവാൻ ദൗത്യസംഘത്തെ നിയോഗിച്ചും മറ്റും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇത് പ്രകാരം എത്ര ഏക്കർ ഭൂമിയാണ് തിരിച്ചു പിടിച്ചിട്ടുള്ളത്; ഇങ്ങനെ തിരിച്ചുപിടിച്ചിട്ടുള്ള ഭൂമിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദീകരിക്കുമോ; | (എ) 2006 ൽ അധികാരത്തിൽ വന്ന സർക്കാർ കയ്യേറ്റഭൂമി തിരിച്ചുപിടിക്കുവാൻ ദൗത്യസംഘത്തെ നിയോഗിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആകെ 4932.6838 ഹെക്ടർ ഭൂമി ഏറ്റെടുത്തിട്ടുള്ളതാണ്. ടി ഭൂമിയിൽ ചിലതിൽ കോടതി കേസുകൾ നിലനിൽക്കുന്നതും, ചിലതിൽ വീണ്ടും കയ്യേറ്റങ്ങൾ നടന്നിട്ടുള്ളതുമാണ്. |
| (ബി) | ഭൂമി തിരിച്ചുപിടിക്കുവാനായി നിയോഗിക്കപ്പെട്ട ദൗത്യസംഘത്തെ പിരിച്ചുവിടാനുണ്ടായ കാരണം എന്താണെന്ന് വിശദീകരിക്കുമോ? | (ബി) മൂന്നാറിലേയും സമീപ പ്രദേശങ്ങളിലേയും ചില രാഷ്ട്രീയ സംഘടനാ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ ഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട് പൊളിച്ചതിനെ തുടർന്നുണ്ടായ വ്യാപകമായ ജനകീയ പ്രതിഷേധത്തെ തുടർന്ന് കയ്യേറ്റം ഒഴിപ്പിക്കൽ നടപടികൾ തത്വത്തിൽ സർക്കാരിന് അപ്രതീക്ഷിതമായി നിർത്തിവയ്ക്കേണ്ടി വരികയും, ദൗത്യ സംഘത്തിന്റെ പ്രവർത്തനങ്ങൾ മുടങ്ങുകയുമുണ്ടായി. |

സെക്ഷൻ ഓഫീസർ